"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. K3/66/2025-HEDN ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 23-06-2025

**സർക്കുലർ**

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - ലഹരി വിരുദ്ധ കർമപരിപാടി - ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പരിപാടികളും തുടർകർമപദ്ധതികളും സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 20-06-2025 -ന് ഓൺലൈനായി നടന്ന യോഗം.

ജൂൺ 26 -ന് ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 20-06-2025 വെള്ളിയാഴ്ച രാവിലെ 9.30 -ന് ഓൺലൈനായി വിളിച്ചു ചേർത്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള പരിപാടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. 2025 ജൂൺ 26 ന് ലഹരി വിരുദ്ധ ദിനമായി ആഘോഷിക്കുകയും അന്നേ ദിവസം വൈകുന്നേരം 3.30-ന് ബഹു. മുഖ്യമന്ത്രി ലഹരിവിരുദ്ധ കർമ്മ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ ഉദ്ഘാടനത്തോടെ ഒരു വർഷത്തെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിക്കും. ഇതിൽ പൂർണതോതിലുള്ള പങ്കാളിത്തം സ്ഥാപന തലത്തിൽ ഉണ്ടാകുന്നതിന് സ്ഥാപന മേധാവികൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ലഹരി വിരുദ്ധ പരിപാടികളും പ്രതിജ്ഞയും ജൂൺ 26-ന് രാവിലെ 9.30ന് സംഘടിപ്പിക്കുന്നതാണ്. ലഹരി വിരുദ്ധ പ്രതിജ്ഞയിൽ അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവർ തത്സമയം പങ്കെടുത്ത് പ്രതിജ്ഞ ഏറ്റു ചൊല്ലേണ്ടതാണ്. ഓൺലൈനായി നടക്കുന്ന രണ്ട് പരിപാടികളും എല്ലാ കലാലയങ്ങളിലും തത്സമയം പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം സ്ഥാപനമേധാവികൾ ഒരുക്കേണ്ടതാണ്. പ്രദർശിപ്പിക്കുന്നതിനുള്ള ലിങ്ക് പിന്നീട് നൽകുന്നതാണ്.

3. ലഹരി വിരുദ്ധ ദിനത്തിന് മുന്നോടിയായി എല്ലാ കോളേജുകളിലും വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബ് ടീമുകൾ രൂപീകരിച്ച് ബസ് സ്റ്റാന്റുകളും പ്രധാന ജംഗ്ഷനുകളും പോലുള്ള പൊതുജനങ്ങൾ കൂടുന്ന സ്ഥലങ്ങളിൽ ഫ്ലാഷ് മോബുകൾ സംഘടിപ്പിക്കേണ്ടതാണ്.

4. ജൂൺ 26-ന് എല്ലാ ക്ലാസ്സുകളിലും വിദ്യാർത്ഥികളുടെ സഭകൾ (ക്ലാസ്സ് സഭകൾ) ചേർന്ന് മയക്കമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട (ലഹരി ഉപയോഗം, വ്യാപനം തുടങ്ങിയവ തടയുന്നതിനുള്ള) ചർച്ചകൾ സംഘടിപ്പിക്കേണ്ടതാണ്.

5. ലഹരി വിമുക്ത കാമ്പസിനായുള്ള മാസ്റ്റർ പ്ലാൻ എല്ലാ സ്ഥാപനങ്ങളും അടിയന്തരമായി തയ്യാറാക്കേണ്ടതാണ്.

6. പ്രസ്തുത മാസ്റ്റർ പ്ലാൻ ജൂൺ 26-ന് ക്ലാസ്സ് സഭകളിൽ ചർച്ച ചെയ്യണം.

***<u>26.06.2025ന് ശേഷം സംഘടിപ്പിക്കേണ്ട കർമപരിപാടികൾ :</u>***

1. ഒന്നാം വർഷ വിദ്യാർത്ഥികളുടെ പ്രവേശന നടപടി സമയത്ത്, തങ്ങൾ ലഹരിവസ്തുക്കൾ ഉപയോഗിക്കില്ല എന്നും ലഹരിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഏർപ്പെടില്ല എന്നുമുള്ള ലഹരി വിരുദ്ധ സത്യവാങ്മൂലം വിദ്യാർത്ഥികളിൽ നിന്നും എഴുതി വാങ്ങി അവരുടെയും രക്ഷാകർത്താക്കളുടെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കണം. കൂടാതെ കോളേജിലെ സീനിയർ വിദ്യാർത്ഥികളിൽ നിന്നു കൂടി സത്യവാങ്മൂലം എഴുതി വാങ്ങി അവരുടെയും രക്ഷാകർത്താക്കളുടെയും ഒപ്പ് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (സത്യവാങ്മൂലത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.)

2. സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതാണ്. ലഹരി വിരുദ്ധ ആശയം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പോസ്റ്ററുകൾ, കാർട്ടൂണുകൾ, ട്രോളുകൾ, റീൽസ്, വീഡിയോകൾ എന്നിവ സമൂഹ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കണം. "No To Drugs" എന്ന പേരിൽ വെബ് സൈറ്റ്, യുട്യൂബ് ചാനൽ, ഇൻസ്റ്റാഗ്രാം, ഫേസ് ബുക്ക് പേജുകൾ എന്നിവ രൂപപ്പെടുത്തി കഴിയുന്നത്ര പ്രചാരം നൽകണം.

3. കവിതാ പാരായണം, കഥാ പാരായണം, ലഘു നാടകം, സ്കിറ്റ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കണം. സ്ഥാപനം, സർവ്വകലാശാല, സംസ്ഥാനം എന്നീ തലങ്ങളിൽ കവിത, കഥ, ലേഖനം, ലഘു നാടകം എന്നീ രചനാ മത്സരങ്ങളും, ലഹരി വിരുദ്ധ സന്ദേശം മുൻനിർത്തിയുള്ള പോസ്റ്റർ നിർമ്മാണം, ഹ്രസ്വ ചിത്ര നിർമ്മാണം എന്നിവയിൽ മത്സരങ്ങളും നടത്താവുന്നതാണ്.

4. നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ "ആസാദ് സേന" എന്ന പേരിൽ രൂപീകരിച്ച ലഹരി വിരുദ്ധ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.

5. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ എല്ലാ ക്യാമ്പസിലും വിമുക്തി ക്ലബ്ബുകൾ സ്ഥാപിക്കണം.

6. ശ്രദ്ധ, നേർക്കൂട്ടം ക്ലബുകൾ സർവകലാശാലകളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആരംഭിക്കേണ്ടതും ഇവ നിലവിലുള്ള കോളേജുകളിലും ഹോസ്റ്റലുകളിലും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുമാണ്.

7. 'ലഹരി വിമുക്ത കോളേജ് സംരക്ഷണ സമിതി' എന്ന പേരിൽ കോളേജുകളിലും 'ലഹരി വിമുക്ത സർവ്വകലാശാലാ ക്യാമ്പസ് സംരക്ഷണ സമിതി' എന്ന പേരിൽ സർവകലാശാലകളിലും ജാഗ്രതാ സമിതികൾ രൂപീകരിച്ച് ചിട്ടയായ പ്രവർത്തനം നടത്തണം. ഓരോ മാസവും ഇവയുടെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്. NSS, NCC, വിമുക്തി ക്ലബ്, PTA മുതലായവയുടെ പങ്കാളിത്തവും ഉറപ്പാക്കണം.

8. NSS ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിലും സ്ഥാപന തലത്തിലും സംവാദ പരിപാടികൾ സംഘടിപ്പിക്കണം.

9. ഹോസ്റ്റലുകളിൽ വാർഡൻ ചെയർമാനായിട്ടുള്ള "ക്ലബ്ബുകൾ" രൂപീകരിക്കണം. എല്ലാ

ഹോസ്റ്റലുകളിലും ഒരു പരിപാടിയെങ്കിലും നടത്തണം.

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം.
4. സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ് ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
5. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കുരിപ്പുഴ, കൊല്ലം
6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/ കോഴിക്കോട്
7. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്, ചാക്ക, പേട്ട.പി.ഒ, തിരുവനന്തപുരം.
8. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
9. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, കവടിയാർ പി.ഓ., തിരുവനന്തപുരം
10. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല, കോട്ടയം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ലഹരി വിരുദ്ധ സത്യവാങ്മൂലം

..........................................................................................................കോളേജിലെ ..............................

.............................ക്ലാസിൽ പഠിക്കുന്ന ..........................................................................എന്ന ഞാൻ ബോധിപ്പിക്കുന്ന സത്യവാങ്മൂലം.

1. പുകയില/മയക്കുമരുന്ന് തുടങ്ങിയ യാതൊരു വിധ ലഹരി വസ്തുക്കളും ഞാൻ ഉപയോഗിക്കുകയോ ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട കുറ്റ കൃത്യങ്ങളിൽ ഏർപ്പെടുകയോ ചെയ്യുകയില്ല.

2. കോളേജിന് അകത്തുംപുറത്തും മദ്യം/പുകയില/ മയക്കുമരുന്നുകൾ, സൈക്കോ ആക്റ്റീവ് വസ്തുക്കൾ എന്നിവയുടെ ഉപയോഗം, കൈവശം വയ്ക്കൽ, വിതരണം, നിർമ്മാണം, എന്നിവ കർശനമായി നിരോധിച്ചിട്ടുണ്ടെന്നും അപ്രകാരം ചെയ്യുന്നത് തെറ്റാണെന്നും ദോഷകരമാണെന്നും എനിക്ക് ബോധ്യമുണ്ട്. ഇതിന്റെ ലംഘനം സസ്പെൻഷൻ, പുറത്താക്കൽ തുടങ്ങിയ അച്ചടക്ക നടപടികൾക്ക് കാരണമാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

3. കോളേജ് പരിസരത്തോ പുറത്തോ ഏതെങ്കിലും പ്രവർത്തനങ്ങൾക്കിടയിൽ മദ്യം/പുകയില/ഏതെങ്കിലും സൈക്കോ ആക്റ്റീവ് വസ്തുക്കൾ ഉപയോഗിക്കുന്നതിൽ നിന്നോ, അവയുടെ സ്വാധീനത്തിൽ ആയിരിക്കുന്നതിൽ നിന്നോ, വിൽക്കുന്നതിൽ നിന്നോ, വിൽക്കാൻ ഗൂഢാലോചന നടത്തുന്നതിൽ നിന്നോ, വിൽപ്പനയുടെയോ വിതരണ ത്തിന്റെയോ ശൃംഖലയിൽ ആയിരിക്കുന്നതിൽ നിന്നോ ഞാൻ വിട്ടുനിൽക്കും.

4. ഈ നയം പാലിക്കാൻ പ്രതിജ്ഞാബദ്ധനായ ഞാൻ ലഹരിയ്ക്കെതിരെ കോളേജ് നടത്തുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കും.

5. ലഹരിക്കെതിരെയുള്ള കൗൺസിലിംഗ്, ആരോഗ്യ സേവനങ്ങൾ എന്നിവയുൾപ്പെടെ ലഭ്യമായ പിന്തുണാ സേവനങ്ങളെക്കുറിച്ച് ഞാൻ ബോധവാനാണ്. ആവശ്യമെങ്കിൽ ഞാൻ അവയുടെ സഹായം തേടും .

6. ഒരു സ്ഥലത്തും ഒരു തരത്തിലും മയക്കുമരുന്ന് ഉപയോഗം, വ്യാപനം എന്നിവ ചെയ്യരുതെന്നും കോടതികൾ,കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, സ്ഥാപന അധികാരികൾ എന്നിവർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന നിയമങ്ങൾ ഞാൻ പാലിക്കും.

7. നല്ല ഒരു വിദ്യാർത്ഥിയും പൗരനുമാകാൻ എന്നെ പ്രാപ്തനാക്കുന്ന തരത്തിൽ സ്ഥാപനമോ/സർക്കാരോ സംഘടിപ്പിക്കുന്ന ഏതൊരു ലഹരി വിരുദ്ധ, വ്യാപന പ്രതിരോധ പരിപാടികളെയും ഞാൻ പിന്തുണയ്ക്കുകയും ആയവയിൽ സജീവമായി പങ്കെടുക്കുകയും ചെയ്യും.

8. മദ്യം/പുകയില/മയക്കുമരുന്നുകൾ/ഏതെങ്കിലും സൈക്കോ ആക്റ്റീവ് വസ്തുക്കൾ എന്നിവയുടെ കൈവശം വയ്ക്കൽ, ഉപയോഗം, വിൽപന, വിതരണം എന്നിവയുമായി ബന്ധപ്പെട്ട് കോളേജിനകത്തോ പുറത്തോ വിദ്യാർത്ഥികളോ ഏതെങ്കിലും ഗ്രൂപ്പോ സംഘടനയോ നടത്തുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ബന്ധപ്പെട്ടവരെ ഞാൻ അറിയിക്കും.

മേൽപറയുന്ന പ്രസ്താവനകൾ ലംഘിക്കുന്നത് നിയമപ്രകാരം ശിക്ഷാർഹമാണെന്ന പൂർണമായ ബോദ്ധ്യത്തോടെയാണ് ഞാൻ ഈ സത്യവാങ്മൂലം സമർപ്പിക്കുന്നത്.

വിദ്യാർത്ഥിയുടെ ഒപ്പ് :

വിദ്യാർത്ഥിയുടെ പേര് :

സ്ഥലം : രക്ഷാകർത്താവിന്റെ ഒപ്പ് :

തീയതി : രക്ഷാകർത്താവിന്റെ പേര് :